(ബി) പൊതുമേഖലാ സ്ഥാപനങ്ങളിലെ നിലവിലുള്ള സർക്കാർ ഓഹരികൾ പിൻവലിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ;

(സി) എങ്കിൽ അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ അഭിവൃദ്ധിക്കെതിരായ നടപടികൾ സർക്കാർ ഉപേക്ഷിക്കുമോ?

ഉത്തരം

(എ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളുടെ നഷ്ടം നികത്തുന്നതിനും മൂലധന നിക്ഷേപത്തിനും പണം നൽകേണ്ടതില്ലെന്ന പൊതുനയം സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി ചില സ്ഥാപനങ്ങളിൽ ഓഹരി വിഹിതം കുറയ്ക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(സി) ആസ്ട്രൽ വാച്ചസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് സാലിസിലേറ്റ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്, കേരളാ സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്, കെൽട്രോൺ കൗണ്ടർ ലിമിറ്റഡ്, ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിലെ സർക്കാർ ഓഹരി കുറയ്ക്കുന്നതിന്റെ ഭാഗമായി സ്വകാര്യ സംരംഭകരെ പത്രപരസ്യം വഴി ക്ഷണിച്ചുകൊണ്ട് അപേക്ഷ സ്വീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ഡി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ അഭിവൃദ്ധിക്കെതിരായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടില്ല.

വ്യവസായങ്ങളുടെ ക്ലസ്റ്ററുകൾ

8 [428] ശ്രീ. റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ:
,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായങ്ങളുടെ ക്ലസ്റ്ററുകൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വ്യവസായങ്ങളുടെ ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിലൂടെ വ്യവസായ രംഗത്ത് എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കുമെന്നാണ് സർക്കാർ കരുതുന്നത്;

(ഡി) വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്ക് ഇതു സംബന്ധിച്ച് പരിശീലനം നൽകാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൊതു വ്യവസായ സ്ഥാപന സൗകര്യങ്ങൾ സൃഷ്ടിച്ച് വ്യവസായ യൂണിറ്റുകൾ രൂപകൽപ്പന ചെയ്യുന്നതിന് വിഭാവനം ചെയ്യുന്നതാണ് ഈ പദ്ധതി. വ്യവസായ ക്ലസ്റ്ററിൽ അംഗങ്ങളായ സ്ഥാപനങ്ങൾക്ക് അംഗീകൃത വസ്തുക്കൾ മൊത്തമായി കണ്ടെത്തുന്നതിനും, വായ്പാ സൗകര്യങ്ങൾ പരസ്പര ധാരണയിലൂടെ ലഭ്യമാക്കുന്നതിനും പൊതു വിൽപ്പന ബ്രാന്റ് സൃഷ്ടിക്കുന്നതിനും വിപണനത്തിനും പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും ഗുണമേന്മയുള്ള പരിശോധനാ സൗകര്യങ്ങൾ ഏർപ്പെടുത്തി ഉൽപ്പാദന നേട്ടം കൈവരിക്കുന്നതിനും തദ്വാര സാമ്പത്തിക വികസനത്തിന് ആക്കം കൂട്ടുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും കഴിയും. സ്ഥിരം ആസ്തിക്കും പ്രവർത്തന മൂലധനത്തിനുമായി സ്ഥാപനങ്ങളുടെ പദ്ധതി അടങ്കലിന്റെ 20% നിരക്കിൽ പരമാവധി 50 ലക്ഷം രൂപ വരെ കരുതൽ വായ്പയായി നൽകുന്നതാണ്. കൂടാതെ വ്യവസായ സമുച്ചയ (ക്ലസ്റ്റർ) അംഗങ്ങൾക്ക് പരിശീലനം നൽകുന്നതിനും സംരംഭകർക്കായി ബോധവൽക്കരണം നടത്തുക അന്താരാഷ്ട്ര മേളയിൽ പങ്കെടുക്കുക തുടങ്ങിയ ചെലവുകൾക്കായി 100% ഗ്രാന്റായി ഓരോ സമുച്ചയത്തിനും പരമാവധി 50,000 രൂപ വർഷം തോറും നൽകുന്നു. കൂടാതെ കേന്ദ്ര സർക്കാർ യൂണിഡോയുടെ (യു.എൻ.ഐ.ഡി.ഒ.) സഹായത്തോടെ നടപ്പാക്കുന്ന അപ്ടെക് സ്കീം അനുസരിച്ച് സ്ഥിരം ആസ്തിയുടെ 90% വരെ ഗ്രാന്റായി ലഭിക്കുന്നതാണ്.

(സി) വ്യവസായ വികസനം ത്വരിതപ്പെടുത്തുക, ചെറുകിട വ്യവസായ ഉൽപ്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിച്ച് കമ്പോളത്തിൽ മറ്റ് രാജ്യങ്ങളുടെ ഉൽപ്പന്നങ്ങളുമായി മൽസരിക്കത്തക്ക നിലവാരത്തിലേക്ക് സംസ്ഥാനത്തെ ചെറുകിട വ്യവസായ സംരംഭകരെ പ്രാപ്തരാക്കുക, വ്യവസായികളുടെ പൊതു പ്രതിസന്ധികൾക്ക് കൂട്ടായ്മയിലൂടെ പരിഹാരം കാണുക, വിപണന ശൃംഖല വിപുലമാക്കുകവഴി കൂടുതൽ സാമ്പത്തിക നേട്ടം കൈവരിക്കുക, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക തുടങ്ങിയ നേട്ടങ്ങൾ ചെറുകിട വ്യവസായ രംഗത്ത് കൈവരിക്കാൻ സാധിക്കുമെന്ന് കരുതുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വ്യവസായ വകുപ്പിലെ 40 ഉദ്യോഗസ്ഥർക്ക് ക്ലസ്റ്റർ ഡെവലപ്മെന്റ് ഏജന്റായി പ്രവർത്തിക്കുന്നതിന് യൂണിഡോ ഫോക്കൽ പോയിന്റ്/ഇ.സി.ഐ. അഹമ്മദാബാദ് എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പരിശീലനം നൽകിക്കഴിഞ്ഞു. 32 ഉദ്യോഗസ്ഥർക്ക് മേൽപ്പറഞ്ഞ പരിശീലനം നൽകിവരുന്നു.

വ്യവസായ വകുപ്പിന്റെ കീഴിലുള്ള വ്യവസായ യൂണിറ്റുകൾ

9 [430] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുള്ളതും വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ വ്യവസായം സ്ഥാപിക്കുന്നതിൽ അലോട്ടു ചെയ്ത് കൊടുത്തിട്ടുള്ളതുമായ മൊത്തം എത്ര യൂണിറ്റുകൾ നിലവിലുണ്ട്;

(ബി) വ്യവസായ പ്ലോട്ട്, ഏരിയ, ഗ്രോത്ത് സെന്റർ, വ്യവസായ എസ്റ്റേറ്റ് തുടങ്ങി വ്യവസായ സംരംഭകർക്ക് അലോട്ടുചെയ്തു കൊടുത്ത യൂണിറ്റുകളിൽ ഇപ്പോൾ പ്രവർത്തിക്കാത്തവ എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഇവയുടെ പ്രവർത്തനം നിലച്ചുപോയതിനാൽ തൊഴിൽ രഹിതരായിട്ടുള്ളവരെത്ര;

(ഡി) എത്ര യൂണിറ്റുകൾ തിരികെയെടുത്ത് റീ അലോട്ടു ചെയ്യുവാനായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വ്യവസായ വകുപ്പിന്റെ കീഴിൽ വ്യവസായിക വികസന ഏരിയ/പ്ലോട്ട് എന്നിവയിലായി 2133 യൂണിറ്റുകൾ നിലവിലുണ്ട്.

(ബി ആന്റ് സി) 2003 ഡിസംബർ മാസത്തെ കണക്കുകൾ പ്രകാരം 237 യൂണിറ്റുകൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഇതുമൂലം തൊഴിൽ രഹിതരായവരുടെ എണ്ണം കണക്കാക്കിയിട്ടില്ല.

(ഡി) 2003 ഡിസംബർ മാസം വരെ വിവിധ വികസന പ്ലോട്ടുകൾ, ഏരിയ എന്നിവയിൽ നിന്നും 40.78 ഏക്കർ സ്ഥലം തിരികെ എടുക്കുകയും 19.71 ഏക്കർ സ്ഥലം വ്യവസായ യൂണിറ്റുകൾക്ക് റീ അലോട്ടു ചെയ്യുകയും ചെയ്തിട്ടുണ്ട്. തിരികെ എടുത്ത നടപടി കോടതി സ്റ്റേ ചെയ്തിട്ടുള്ളതിനാൽ ബാക്കി ഭൂമി റീ അലോട്ടു ചെയ്യുവാൻ സാധിച്ചിട്ടില്ല.

2/404/2012—11.

LIBRARY ARCHIVES Kerala Legislative Assembly